# Church Voice

**MATEER MEMORIAL CHURCH (CSI)**

Vol. 10 No. 3 NEWSLETTER March 2012



*"Whoever was not found written in the Book of Life was cast into the lake of fire" (Revelation 20:15)*

**ഡിസ്ട്രിക്ട്, ഏരിയാ, ഡയോസിസ് തലങ്ങളിൽ നടത്തപ്പെട്ട സമൂഹഗാന മത്സരത്തിൽ സി–ഗ്രേഡിൽ (55 വയസ്സിനുമേൽ) ഒന്നാം സ്ഥാനം കരസ്ഥമാക്കിയ നമ്മുടെ സ്ത്രീജന സഖ്യാംഗങ്ങൾ**



*M/s ലക്ഷ്മികുമാരി, Er. ലളിതാ ജയകുമാർ, ഹെലൻ സാറാമ്മ*
*ആനി ഹാരിസ്, ലീലാ രാജൻ, വിമലാ അലക്സ്*



ഗവൺമെന്റ് സ്കൂൾ ടീച്ചേഴ്സ് യൂണിയൻ ഏർപ്പെടുത്തിയ മികച്ച അദ്ധ്യാപകർക്കുള്ള അവാർഡിന് ഹയർ സെക്കണ്ടറി വിഭാഗത്തിൽ നിന്നും അർഹനായ നമ്മുടെ സഭാംഗമായ **ആർ.സാജൻ സാംസൺ.** മലയിൻകീഴ് ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ ഇംഗ്ലീഷ് അദ്ധ്യാപകനായ ഇദ്ദേഹം കരിയർ ഗൈഡൻസ്, കൗൺസിലിംഗ്, വിദ്യാർത്ഥികൾക്കുള്ള നേതൃത്വ പരിശീലന പരിപാടികൾ എന്നീ മേഖലകളിൽ നൽകിയ സംഭാവന പരിഗണിച്ചാണ് അവാർഡിന് അർഹനായത്. നമ്മുടെ സഭയിലെ സണ്ടേസ്കൂൾ അദ്ധ്യാപകൻ യൂത്ത് സെക്രട്ടറി, സഭാ കമ്മിറ്റി അംഗം, മഹായിടവക കൗൺസിൽ അംഗം, വിദ്യാഭ്യാസ സമിതി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: രാജി വർഗ്ഗീസ്(ടീച്ചർ, എൽ.എം.എസ്. എച്ച്.എസ്സ്.എസ്സ്. വട്ടപ്പാറ) മക്കൾ : മാത്യു സാജൻ, ജോയൽ സാജൻ



M.M. Church Senior Citizens' Fellowship 2012 ലെ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട സഭാകമ്മിറ്റി അംഗം ശ്രീ. വൈ. ക്രിസ്തുദാസ്.

CHURCH VOICE

MARCH 2012

EDITORIAL BOARD

**Chief Editor**

Rev. C.R. Vincent

**Editor**

Christenson E. Sarasam

Rev. Dr. L.E. Sahanam

Rev. K. Isaac Paul Singh

Dr. Samson Nessiah

T. Jayakumar Alfred

**Address:**

The Editor

Church Voice

M.M. Church

L.M.S. Compound

Trivandrum - 695 033

Ph: 2311347

Articles / Feedback may be sent to : churchvoice@gmail.com before 15th of every month

Church Voice can be read online at our website www.mateermemorialchurch.com

*Editorial................*

## NO RESCUE BEYOND THIS POINT

God warns man unceasingly to turn back from his pathway of sin and accept the Salvation offered in Jesus Christ. **He wishes to speak to our hearts again and make us hear His voice.** Do you know whether rescue is still possible for you tomorrow? Do not shut your heart to His calling in grace by hardening your heart.

On the bank of the Niagra, where the river dashes in a wild descent towards the roaring **Niagra falls,** there is a sign with the following warning: **"No rescue past this point".** Whoever rows or swims further than this point will be caught by the wild rapids of the stream and thrown into the deep without hope of rescue. Easily one may slip beyond the point of rescue because he has not given heed to the warning.

You, too may be in the danger zone of drifting beyond the point of rescue. How many a warning has already come to your ear; how often have you perhaps been encouraged by your father or mother, friends or acquaintances to seek the salvation of your soul and to grasp the outstretched hand of the Saviour in time! **How terrible it would be if you were suddenly torn out of this life without taking advantage of the "Today" of the day of grace! It would be eternally too late for you.** As we journey through this Lenten season, let us not linger any longer on the broad way which leads to destruction. Do heed to the warning and calling voice of the Saviour today lest it becomes too late tomorrow.

"Today if you will hear His voice, harden not your hearts" (Hebrews 4:7)

Christenson E. Sarasam
Editor



## The Presbyter Speaks....

'***Pastoral Ministry in the Urban context' '  Empowering the congregation for God's mission'***

Dearly Beloved in Christ,

Loving greetings to you all in the wonderful counsellor's name, the Lord and Saviour.

### *Golden verse of the month*

"Behold at that time I will undo all that afflict thee: and I will save her that halteth, and gather her that was driven out; and I will get them praise and fame in every land where they have been put to shame" (Zephaniah 3:19)

"നിന്നെ ക്ലേശിപ്പിക്കുന്ന ഏവരോടും ഞാൻ ആ കാലത്തു ഇടപെടും; മുടന്തി നടക്കുന്നതിനെ ഞാൻ രക്ഷിക്കുകയും ചിതറിപ്പോയതിനെ ശേഖരിക്കുകയും സർവ്വഭൂമിയിലും ലജ്ജ നേരിട്ടവരെ പ്രശംസയും കീർത്തിയുമാക്കി തീർക്കുകയും ചെയ്യും."(സെഫന്യാവു 3: 19)

The historic revival in China is an act of Redemption in Christ. Yes the wonderful counsellor redeemed His people from the bondage in China. Everyday about 30,000 people are coming up to accept Christ as their personal Lord and Saviour. Today, as we observe this it is not only the case in China but also in other parts of the world including our Nation: Such revival is the work of Holy Spirit as per the promise of our Lord Almighty. Prophet Zephaniah asserts the promise through his vision. Let this change of Being and Becoming be a reality of God's intervention in the world. As we stand for the same, let us also submit our lives to our Lord and Saviour prayerfully in this Lenten season for achieving His goal of Salvation and glory in our social praxis.

The meaning of the word Zephaniah is "The Lord protects". The Lord will protect the people of Israel in the day of the Lord's Anger' (2:3) for remnant shall be delivered in that day. Zephaniah predicts a catastrophic invasion from the enemies of Israel. But the chosen people will be saved by the intervention of God Almighty which is the assurance to God's people for the future. In this situation Prophet raises his voice against idolatrous practices that are prevalent in the midst of God's people in Judah to escape from the anger of God. These deliverances of the prophet had no doubt, a decided influence upon the work of reform of his people in Israel.

The content of the prophecy may be divided into the following categories. The consummateness of judgement (1:1-18) The comprehensiveness of judgement (2:1-15) The correctiveness of judgement (3:1-8). The compassionateness of Judgement (3:9-20), Hope of God's people from their sufferings is the focus of this prophecy. Zephaniah's prophetic ministry can be dated from 635 to 626 BC. The compassionate God says, I will punish all those who harmed you and I will save my people who cannot walk and gather my people who have been thrown out, I will give them praise and honour in every place where they were ashamed.

The salvation and reconciliation of God is always an anticipation of the Kingdom of God in Jesus' spiritual body, church. The famous theologian and reformer of the church, John Calvin, in his work "the institutes of the Christian Religion" says:

***God is reconciled to us in His Christ***
***And has in Him***
***Established for us pattern and patron***
***To which we must conform.***

Here, the relationship between God and human beings is the outcome of God's initiation. St. Paul adopts two words for this act of doing. The first word 'Katallasa' means "to make other than it is or to exchange. The relationship has been transformed from God (Rom 5:10-11, 11.5, 2 corin 5:18-20) Another word is 'Katarage' which means the ministry of "exchange or reconciliation" The relationship has been transformed from the witnessing community or church to others in the society. Nehemiah foresees this act of mission through his prophecy. The reconciling power of God saved the people of Israel, who have been thrown out in their bondage. In the new day of God, God will give them praise and honour in every place where the people of God were ashamed. Prophet Isaiah (61:3) says "To appoint unto them that mourn in Zion, to give unto them beauty for ashes, the oil of joy for mourning, the garment of praise for the spirit of heaviness; that they might be called trees of righteouness the planting of the Lord, that he might be glorified".

The Glory of God extends the invitation to humans in 'Transfiguration' experience (Exo: 24:15) in the life of Mosses. The same experience of transfiguration makes worship meaningful with His disciples (Luk. 9:29-36) at the mountain top experience. This same experience of Joy and praise can be achieved in its fullness with Jesus Christ when He comes with His heavenly Glory. God wants us to be the channels to exhibit His Glory in His coming and revealing of the Lordship to this earth. Are you willing to be a channel for revealing His Glory? May God help us to prepare to receive His glory with gladness in our lives. Amen

***World day of Prayer :*** March 2nd, Friday will be observed as the world day of prayer; let us pray for the world around us, particularly for the people of Malaysia. Let us also evaluate ourselves whether we are light in the world giving heed to the admonition of our Lord. The theme for prayer is "Let Justice flow like a river. (Amos 5:24)

***Annual Examinations***: This month onwards, our children are preparing themselves to face various examinations. Parents are responsible to prayerfully prepare their children for writing their Exams. Dear children study well and equip yourselves prayerfully for the same. I am also praying for your forthcoming examinations. Prepare well and write well with full confidence. Don't worry, the Lord be with you while you are preparing and facing the examinations in various levels. May Lord bless you and keep you in good health and with proper guidance.

***Church Directory :*** Lord almighty helped us to bring out our directory with all available details. This will help us to keep good network and fellowship with each other. Collect your copies from the office. The exciting work was completed with laborious work of the Directory Committee. I am happy to convey our thanks to all of them who were engaged for the publication. A special word of thanks to Er. Joshi Das, the convenor and the Rev. Dr. L.E.Sahanam for extending his leadership and guidance for the same.

***Missionary Activities :*** Each Christian should stand for the extension of Gospel of our Lord and saviour, Jesus Christ. Our mission fields in Salem, Rajastan and in Trivandrum along with other parts of our nation are accomplishing their vision in various levels. We are planning to visit Salem mission fields from March 29th to April 2nd of this year. A medical Clinic will be started at Nadupatti at the time of the visit. Kindly co-operate and extend your prayerful financial supports for the same. Measures for Kuravankonam church building work is also improving. Last month witnessed starting of a free noon meal feeding programme called "Manna" under the city mission of our church to feed our friends in our city who are not able to find out food on their own. This venture is an outcome of the generous contributions of our believes in view of their commitment to our Lord's commandment (Matt 25:35). Dear Brothers and Sisters in Christ, let us remember our Lord's Words and prepare ourselves and await the coming of our Lord and Saviour prayerfully. With prayers and regards.

May the grace of God be with you all.

Yours in Christ,

***Vincent Achen***

## From Secretary's pen................



Greetings in the name of our Lord and Saviour Jesus Christ!

The SMS communication system which had to be suspended, has restarted at a low ebb.

Efforts are on to start a free-medical centre at Kalrayan Mission field. One of our members has offered to make a lumpsum donation for the initial expenses. A free medical camp is being organised there in March 2012 as a starting point.

Mr. P. Wilson, Rajiv Nagar, Palayam has been appointed as the accountant of the city missions committee. The appointment of Mr.l Darwin as accounts clerk in the church-office has been regularised.

The noon-feeding projects of the city missions has been launched from 19th February. Permanent membership has been accorded to Dr. G.K. Libu, Sunny Dale, Meads Lane, Trivandrum-34.

Steps are on for the purchase of a plot at Manikanteswaram mission. We could extend the following help to the needy.

| | | | |
|---|---|---|---|
| Medical aid:- | 1. Vijayan, Venkadampu | - | Rs. 2,500 |
| | 2. Vasumathy, Malayam | - | Rs. 2000 |
| | 3. Thankamoni (Heart Operation) | - | Rs. 15,000 |
| | 4. Stanley | - | Rs. 5,000 |
| | 5. C. Babu, Pappanamcode | - | Rs. 2000 |
| | 6. Father of Minimol, Anappara | - | Rs.1000 |
| | 7. Sister of Rev. Kuttappan, Veeranakavu | - | Rs. 2,500 |
| | 8. Appu, Danuvachapuram | - | Rs. 2,000 |
| | 9. Mathukutty, Pirappancode | - | Rs. 1,000 |
| Marriage-aid:- | 1. Sumaja Brijet, Mukkolakkal | - | Rs. 2,000 |
| | 2. Sajitha S.S., Plampazhanji | - | Rs. 2,000 |
| | 3. Rajalexmy, Manacaud | - | Rs. 5,000 |
| Educational-aid:- | Lathakumari, Vilappilsala | - | Rs. 3,000 |
| Housing-aid: | 1. P. Leela, Manchadivilakam | - | Rs. 1,000 |
| | 2. Molly, Paricharam | - | Rs. 1,000 |

Rs. 5,000 has been sanctioned for roofing of C.S.I. Snehapuri.
Mr. Victor E. Joseph has agreed to donate 10 Bibles and 10 song books to C.S.I. Thoduvattipara

**Dr. Samson Nessiah**

## Childrens' Camp 2012

കൊച്ചുകൂട്ടുകാരേ,

ഏപ്രിൽ 23, 24, 25 (തിങ്കൾ മുതൽ ബുധൻ) തീയതികളിൽ മണ്ണന്തല മാർത്തോമ്മാ സ്റ്റഡി സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്."അനുസരണം" എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. 7 വയസ്സു മുതൽ 14 വയസ്സുവരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്. റവ. കെ. ഐസക് പോൾ സിംഗ് അച്ചൻ ക്യാമ്പിൽ കുടുംബസമേതം താമസിച്ച് ക്യാമ്പിന് നേതൃത്വം നൽകുന്നു. പങ്കെടുക്കുന്നവർ 600/- രൂപ രജിസ്ട്രേഷൻ ഫീസ് നൽകേണ്ടതാണ്. എല്ലാവരും 23-ാം തീയതി തിങ്കൾ രാവിലെ 9 മണിക്ക് മുൻപ് മാർത്തോമ്മാ സ്റ്റഡി സെന്ററിൽ നേരിട്ട് എത്തിച്ചേരേണ്ടതാണ്. ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും പങ്കെടുക്കുകയും ചെയ്യുവിൻ.

Adv. A. Sagunaraj

# Like God in Relationships

**_Mita Matthew_**

In the social world, we get into relationships everyday. While some become indulgent we retract from others not knowing if it were right or wrong. All our relationships should be within the parameters that are written down in the Bible. It is actually very easy to keep up a relationship if we are able to understand the first three chapters of Genesis.

**The first thing that struck me was the Father God's contentment.** We find that throughout the six days of creation. He surveyed each day and felt contented. He always said "It's good." Never did He re-do any of His creation. He gave His best always and never felt that it would be good to add anything to whatever He had created. This is so much against our nature. We constantly feel things are not up to the mark or that things that are ours are to be constantly modified for the better and still we remain dissatisfied with the end result. **We hardly say in our lives "It's good." We say "It could have been better.**" We are not happy with our homes, our jobs, our spouses, our children, our parents etc. In short whatever God has given us we feel could have been better. We never feel that God, whatever He gives us, certifies it to be good. So the first step to any good relationship is contentment. Although things may not be exactly to our liking, we should be still acknowledging that God has given us all that's good.

We all have a tendency to dictate to God about **what** our needs are. Let's not try to keep conditions regarding our lives.

**Secondly God visited Adam daily,** provided his needs and loved him selflessly yet never do we read about Adam and Eve being warned about Satan, God's only enemy. In short God doesn't slander anyone. God had given Adam instructions about what to eat and what not to, but He never told him about the devil and his tactics although Adam was dear to God. This shows God's nature of **never speaking ill**. We see this same nature in Christ whether it was the Samaritan woman or the woman caught in adultery or Zaccheaus. Never do we see Him speaking ill about them to His disciples. That is, God never talks about any of our sins to just berate or belittle us. There is absolutely no darkness with Him. This is where we fail. We announce to the world the faults of others; about our own selves we remain quiet. Similarly if someone hurts us or becomes our enemy we are sure to berate that person to others.

Let us stop gossiping but care for others. If by any chance we come to know of their problems let us pray for them and help in whatever way it is possible without belittling them.

*(....cont'd on page 7)*

# CSI Synod Women's Fellowship Enrichment Programme for Prison Ministry

*കുരുട്ടുകണ്ണുകളെ തുറപ്പാനും ബദ്ധന്മാരെ കുണ്ടറയിൽ നിന്നും അന്ധകാരത്തിൽ നിന്നും വിടുവിപ്പാനും യഹോവയായ ഞാൻ നിന്നെ നീതിയോടെ വിളിച്ചിരിയ്ക്കുന്നു.,, യെശ. 42:6-7*

സി.എസ്.ഐ. സിനഡ് വിമൻസ് ഫെല്ലോഷിപ്പിന്റെ നേതൃത്വത്തിൽ ബാംഗ്ലൂർ സി.എസ്.ഐ. വിമൻസ് ഫെല്ലോഷിപ്പ് സെക്രട്ടറിയേറ്റ് (വിശ്രാന്തി നിലയം)ൽ വച്ച് നടന്ന Enrichment Programme for Prison Ministry യിൽ മഹായിടവകയിലെയും വിമൻസ് ഫെല്ലോഷിപ്പിന് നേതൃത്വം കൊടുക്കുന്നവർ സംബന്ധിച്ചു.

**ഒരു ജയിലിന്റെ ഉയർന്ന മതിൽക്കെട്ട് ലോകത്തെ തന്നെ 'അകംലോകവും' 'പുറംലോകവു'മായി വേർതിരിക്കുന്നു. ജയിലിനു പുറത്ത് വസിക്കുന്ന ഒരു സാധാരണ മനുഷ്യനേക്കാൾ വളരെ വ്യത്യസ്തമായതും പറയാൻ കഴിയാത്തതുമായ ഒരു ജീവിത രീതിയാണ് ജയിലിനുള്ളിൽ കഴിയുന്നവർക്കുള്ളത്.** സന്തോഷം നിറഞ്ഞതും കുടുംബബന്ധങ്ങൾ ഉള്ളതും പ്രതിസന്ധികൾ വന്നാൽ പ്രാർത്ഥിക്കുന്നതിനും പങ്കുവയ്ക്കുന്നതിനും കഴിയുന്ന ഒരു അവസ്ഥയാണ് ജയിലിനു പുറത്ത് വസിക്കുന്ന നമുക്ക് ലഭിക്കുന്നത്. എന്നാൽ എല്ലാ ജയിൽ വാസികളും വളരെ അധികം നിരാശയിലും ഏകാന്തതയിലും തങ്ങളെ ഒന്നു കാണുവാൻ പോലും ആരും വരാത്ത അവസ്ഥയിൽ കഴിയുന്നവരാണ്. അവരുടെ ലോകം എന്നത് ഒരു ചെറിയ സെല്ലിനുള്ളിൽ ഒതുങ്ങി നിൽക്കുന്നതാണ്.

എന്നാൽ ഈ അവസ്ഥയിൽ നിന്നും ജയിൽ വാസികളെ മോചിപ്പിക്കുകയാണ് 'ജയിൽ മിനിസ്ട്രി' (Prison Ministry of India) യുടെ ആപ്തവാക്യം. ഇന്ത്യയിലെ 1397 ജയിലുകളിൽ കഴിയുന്ന കുറ്റവാളികളിൽ ആയിരക്കണക്കിന് ജയിൽ വാസികളെ **ജയിൽ മോചിതരാക്കുകയും നവീകരിക്കുകയും പുനരധിവസിപ്പിക്കുകയും (Release, Reformation and Rehabilitation)** ചെയ്യുന്ന ഒരു നാഷണൽ വോളന്ററി ഓർഗനൈസേഷൻ ആണ് പ്രിസൺ മിനിസ്ട്രി ഓഫ് ഇന്ത്യ. കഴിഞ്ഞ 20 വർഷം കൊണ്ട് നൂറുകണക്കിന് ജയിൽ വാസികളെയാണ് ജയിൽ മോചിതരായതിന് ശേഷം പുനരധിവസിപ്പിച്ചത്.

*ജയിലിനകത്തും പുറത്തും പ്രിസൺ മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ നടക്കുന്നു. ജയിലിനകത്ത് ഓരോ വ്യക്തിക്കും, വ്യക്തിപരമായ കൗൺസലിംഗും, ധാർമ്മിക നിർദ്ദേശങ്ങളും നൽകുന്നു. തകർന്ന ഹൃദയങ്ങൾക്ക് സൗഖ്യവും, വ്യക്തിപരമായ കരുതലും നൽകുന്നതിനായ് എഴുത്തുകൾ എഴുതുന്നു. മാനസിക വളർച്ചയ്ക്ക് ഉതകുന്ന വിധത്തിൽ ഉള്ള പുസ്തകങ്ങൾ ജയിലിനുള്ളിൽ വായിക്കുവാൻ നൽകുന്നു. ജയിലിനുള്ളിൽ തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ നടത്തുന്നു. ആത്മീയ പ്രഭാഷണങ്ങൾ നടത്തുന്നു. മെഡിക്കൽ ക്യാമ്പുകൾ, ഹോം നേഴ്സിംഗ് പഠനം, മോട്ടോർ വാഹന ഡ്രൈവിംഗ്, സൗജന്യമായി നിയമ സാദ്ധ്യതകൾ തുടങ്ങിയവ ജയിലിനുള്ളിൽ പ്രിസൺ മിനിസ്ട്രിക്ക് ചെയ്യാൻ കഴിയുന്നു.*

സമൂഹത്തിൽ ബോധവത്ക്കരണ പ്രോഗ്രാമുകൾ നടത്തുക, PMI യുടെ വോളന്റിയേഴ്സ് ട്രെയിനിംഗ് നൽകുക, ജയിൽവാസികളായ സ്ത്രീകൾക്ക് വിവാഹക്രമീകരണങ്ങൾ നടത്തുക, കൗൺസ

ലിംഗിനും, ധാർമ്മിക നിർദ്ദേശങ്ങൾ നൽകുന്നതിനും ജയിലുകൾ സന്ദർശിക്കുക, ജയിൽവാസികൾക്ക് സൗജന്യമായി നിയമപരപമായ സഹായങ്ങൾ നൽകുക, ജയിൽ വാസികളുടെ മക്കൾക്ക് വിദ്യാഭ്യാസം നൽകുക. കുഞ്ഞുങ്ങൾക്കും സ്ത്രികൾക്കും പുരുഷന്മാർക്കും, പുനരധിവാസവും, നവീകരണവും നൽകുക, വിദേശത്ത് ജയിലിൽ കഴിയുന്ന ഇന്ത്യൻ പ്രിസണേഴ്സിന്റെ ക്ഷേമകാര്യങ്ങൾ തുടങ്ങിയവയാണ് പ്രവർത്തനങ്ങൾ.

കുറ്റവാളിയായിത്തീർന്ന ഒരു വ്യക്തിയെ എങ്ങനെ കൗൺസലിംഗ് നടത്താമെന്നും ആ വ്യക്തിയുടെ ഭവനാംഗങ്ങളെ സഹായിക്കേണ്ടതും കൗൺസലിംഗ് നടത്തേണ്ടത് എങ്ങനെയെന്നും ട്രയിനിംഗ് നൽകപ്പെട്ടു.

ഈ ട്രെയിനിംഗിൽ പങ്കെടുത്തതു മുഖാന്തിരം, ഒരു ജയിൽ വാസിയോടുള്ള സമീപനത്തിനും ചിന്താഗതിക്കും മാറ്റം വരുത്തേണ്ടിയിരിക്കുന്നു എന്ന് ബോദ്ധ്യമായി. ജയിലിൽ അടയ്ക്കപ്പെടുന്നവരെല്ലാം അവരുടെ കുടുംബാംഗങ്ങളുടെയും മാനസികനില തന്നെ മാറുമ്പോൾ അവരോടുള്ള സമീപനം എങ്ങനെ ആയിരിക്കുണം എന്ന് പങ്കെടുക്കുന്നവർക്ക് വേദപുസ്തകാടിസ്ഥാനത്തിൽ മനസ്സിലാക്കുവാൻ കഴിഞ്ഞു. കേരളത്തിലെ 41 ജയിലുകളിലായി കഴിയുന്ന 5000-ൽ അധികം വരുന്ന ജയിൽ വാസികളുടെ **Release, Reformation and Rehabilitation-**നായി, മഹായിടവകയായും സ്ത്രീജനസഖ്യമായും, വ്യക്തിപരിമായും എന്തെങ്കിലും സഹായകരമായ കാര്യങ്ങൾ ചെയ്യേണ്ടതാണെന്ന് മനസ്സിലാക്കുവാൻ ഇടയായി.

**യേശുക്രിസ്തു, പാപിയെ സ്നേഹിക്കുകയും, പാപത്തെ വെറുക്കുകയും ചെയ്തതുപോലെ - ജയിലിൽ കഴിയുന്ന നമ്മുടെ സമസൃഷ്ടങ്ങളായവരെ നാം സ്നേഹിക്കുകയും, കരുതുകയും, ക്രിസ്തുവിന്റെ സ്നേഹം നമ്മളിലൂടെ അവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്.**

*(....cont'n of page 5)*

The third striking thing about God's nature is in His care. Even though Adam and Eve went against God's Word and had to endure punishment, Father God was very caring and merciful. Adam and Eve, to hide their nakedness had somehow managed to put together some leaves but God who was punishing them, before sending them out of the garden of Eden made for them clothes out of goat skin. **By doing this God was teaching Adam and Eve skills they didn't know.** They learnt that leather was better than leaves. We are very caring and loving to people whom we like but as soon as they do things against our liking we just cut off from that person. We won't help them out EVEN if we have something that would unburden them. **God doesn't tolerate sin but He never stops caring for the sinner.** Christ told us to hate sins but to love the sinner. God being God, knows that none of us will ever make it according to His standards, so all our punishments were borne by the Lord Jesus.

Being content, not blowing up others faults but caring for the person while hating the sin can help us nurture lasting relationships in life. If all of us can wear this nature of God, what a beautiful place the earth will be!

**(The author is a** wife, mother and an aspiring writer **Mob: 09349989109)**

# ഈ ഷാജി ദുഷ്ടനാ

**റ്റി. ചെല്ലഫ്‌ളോറി വിത്സൻ**

ബസ്സ് യാത്ര കുറവായതിനാൽ ബസ്സ് സ്റ്റാന്റിനുള്ളിലെ പതിവില്ലാതെയുള്ള നീണ്ട കാത്തിരിപ്പ്, വല്ലാത്ത അനുഭവമായി തോന്നി. ദീർഘയാത്രയ്ക്കു ശേഷം ഓഫീസുകളിലും, വിദ്യാലയങ്ങളിലും എത്തുന്നവരുടെ കഷ്ടപ്പാടിന്റെ ഒരൽപ്പം ഞാനും അന്നനുഭവിച്ചു. മനസ്സ് പിന്നിലേയ്ക്കൊന്നു തിരിഞ്ഞു. കുട്ടിക്കാലത്തെ ബസ്സിന്റെ പിന്നാലെയുള്ള ഓട്ടവും ബസ്സ് ബ്രേക്ക് ഡൗൺ ആകുമ്പോഴുള്ള നടത്തവും..... അക്കാലത്ത് അതൊരു രസമായിരുന്നു. സൗകര്യങ്ങൾ കൂടുന്തോറും അസഹ്യതയും കൂടുന്നു. തിരക്കു പിടിച്ച ജീവിതവും, പ്രായവുമായിരിക്കാം എന്നെ ഇങ്ങനെ ആക്കി മാറ്റിയത്. തിരക്കിലും ഒരു സുഖമുണ്ടെന്നു ചിലപ്പോഴൊക്കെ എനിക്കു തോന്നാറുണ്ട്. എന്തെങ്കിലുമൊക്കെ ചെയ്യാൻ കഴിയുമ്പോഴുള്ള ഒരു സംതൃപ്തി. **ഒരു മിനുറ്റു പോലും വെറുതെ ഇരിക്കാൻ ഇഷ്ടമില്ലാത്ത എനിക്ക് ഈ കാത്തിരിപ്പ് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു.** കൂടെ പെയ്യുന്ന പെരുമഴയും. ഒരു കൊച്ചു ബസ്സ് സ്റ്റാന്റിനകത്തിരുന്നു ശക്തിയായി പെയ്യുന്ന മഴ കണ്ടപ്പോൾ വല്ലാത്തൊരു ഭയം തോന്നി. എങ്ങനെ ഇനി വീട്ടിലെത്തും. എന്റെ ആകുലതകൾക്കു വിരാമമിടാനെന്നോണം ബസ്സ് സ്റ്റാന്റിലിരുന്ന പത്ത് വയസ്സ് തോന്നിക്കുന്ന ചുരുണ്ട മുടിയുള്ള വെളുത്ത സുന്ദരിക്കുട്ടി എന്നെ നോക്കി ഒന്നു ചിരിച്ചു. എനിയ്ക്കവളെ നന്നേ ഇഷ്ടപ്പെട്ടു. ഞാനും അവളെ ഒന്നു ചരിഞ്ഞുനോക്കി ചിരിച്ചു. പെട്ടെന്ന് അവളെന്നെ തുറിച്ചു നോക്കി. എന്നിട്ടൊരു വിളി. അമ്പടികള്ളീ.. നീ എന്നെ നോക്കുവാ... ഞാൻ എന്റെ ചേച്ചീനെ വിളിക്കും. നിമിഷ നേരം കൊണ്ട് അടുത്തിരുന്ന എന്റെ മകളുടെ കഴുത്തിൽ അവൾ ചുറ്റിപ്പിടിച്ചു. ചേച്ചീ... ചേച്ചീ... ഈ അമ്മച്ചി ദേ., ഈ അമ്മച്ചി എന്നേ നോക്കുവാ... അമ്മച്ചിക്ക് വഴക്കു കൊട്... ബസ്സ് സ്റ്റാന്റിലിരുന്ന എല്ലാവരുടെയും നോട്ടം അവളിലേയ്ക്കായപ്പോൾ അവളുടെ അടുത്തിരുന്ന മനുഷ്യൻ അവളെ ശക്തമായി പിടിച്ചരികിലിരുത്തി. ഇവിടെ ഇരുന്നോടീ... ഇനി മിണ്ടിയാൽ നിന്റെ പരുവിനെ ഞാൻ ഞെക്കി പ്പൊട്ടിക്കും.... ഓർത്തോണം. ഉടനെ ആ കൈകൾ ശക്തമായി തള്ളിമാറ്റിയിട്ട് വീണ്ടും അവൾ ചേച്ചിയുടെ അരികിലേക്ക് ചേർന്നിരുന്നു. ചേച്ചീ.... ചേച്ചീ, ഈ ഷാജി പറയുവാ.... എന്റെ പരുവിനെ ഞെക്കി പ്പൊട്ടിക്കുമെന്നു .... ചേച്ചീ, ഷാജിയ്ക്ക് വഴക്കുകൊട്. ആ മനുഷ്യന്റെ വലതുകൈ അവളുടെ കുഞ്ഞുവിരലുകളിൽ അമർത്തുന്നതു ഞാൻ കണ്ടു. ..... **ഷാജീ എന്നെ ഞെക്കാതെ ഷാജീ... ഞെക്കിയാൽ മെർലിന്റെ കൈയ്യീന്നു ചോര വരും.** ഷാജീ, ചോര വരും. ... അവൾ ചേച്ചിയെ വീണ്ടും കെട്ടിപ്പിടിച്ചു. അവളുടെ ചൂണ്ടുവിരലിന്റെ അറ്റത്തു കണ്ട ചുവന്ന നിറം ഞങ്ങളെ തളർത്തി. ചേച്ചി അവളുടെ കൈയ്യിൽ തലോടിക്കൊണ്ടു അവളോടു പറഞ്ഞു. മോളിവിടിരിക്ക്.. മോളേ ഇനി ഷാജി ഉപദ്രവിക്കില്ലാ... ഷാജിക്കു വഴക്കു കൊടുക്കാം.... അവളുടെ ശ്രദ്ധ മാറ്റാനേന്നോണം ഞങ്ങൾ അവളോടു കിന്നാരം ചോദിക്കാൻ തുടങ്ങി. **എങ്കിലും സ്വന്തം പിതാവിനെയാണ് അവളിപ്രകാരം പറയുന്നതെന്നറിയാതെ ആവർത്തിച്ചു** കൊണ്ടിരുന്നു. അവളോടു ഞാൻ ചോദിച്ചു. മോളിന്നെന്താ കഴിച്ചേ....

അതോ.... കപ്പയും മീൻകറിയും ചേച്ചീ...

ങാ... ഇത്ര രാവിലെ മോൾ കപ്പയും മീൻകറിയും കഴിച്ചോ?

അതേ, ഈ ഷാജി മെർലിനു ഉഴുന്നുവടേം, പരിപ്പുവടേം ഒന്നും വാങ്ങിത്തരുന്നില്ല. ...മെർലിനു വിശക്കുവാ..... ഷാജിയോടു പറ വട വാങ്ങിത്തരാൻ....

ഈ ഷാജി ദുഷ്ടാ.....

**സ്വന്തം പിതാവിനെ പരസ്യമായി കുറ്റപ്പെടുത്തുന്ന കുഞ്ഞിന്റെ ആ അവസ്ഥ... കുഞ്ഞിന്റെ ഉറക്കെയുള്ള സംസാരത്താൽ വേദനിക്കുന്ന പിതാവ്.**

പിതാവിനെ ആശ്വസിപ്പിക്കാനെ ന്നോണം ഞങ്ങളദ്ദേഹത്തോടു പറഞ്ഞു. സാരമില്ല. മെർലിൻ ഞങ്ങളുടെ അടുത്തിരുന്നോട്ടെ. ഞങ്ങൾ അവളെ നോക്കിക്കൊള്ളാം. സിറ്റിയിലേയ്ക്കുള്ള ബസ്സ് വരാൻ ഇനിയും വൈകുമെന്നാ ണറിയുന്നത്. ബാഗു തുറന്ന് കൈയ്യി ലിരുന്ന മിൽക്കിബാർ മെർലിന്റെ കൈയ്യിൽ വച്ചുകൊടുത്തു. അവളുടെ മുഖത്തുണ്ടായ തെളിഞ്ഞ പ്രകാശം.. സംതൃപ്തി ലഭിച്ച മറ്റൊരു നിമിഷം കൂടി ഞാനനുഭവിച്ചു.

മെർലിൻ മിഠായി നുണയുന്ന നേരത്ത് അസ്വസ്ഥനായിരുന്ന പിതാവിനോടു ഞങ്ങൾ ചോദിച്ചു.

എന്തേ, മെർലിന്റെ അമ്മയെക്കൂടെ കൂട്ടാത്തത്?

**അദ്ദേഹം വേദനയോടെ ഒന്നു ചിരിച്ചു... ഇടുക്കിയിലാ വീട്.... യാത്രച്ചെലവും പിന്നെ ഇളയകുഞ്ഞും ഇപ്പോഴിതു പതിവാ... സാരമില്ല.... (ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു (സങ്കീ. 46: 1)**

മോൾക്കെങ്ങനെയാ ഇതു സംഭവിച്ചത്....

അതൊരു കഥ...

ആറുവയസ്സായപ്പോൾ അവൾക്കൊരു പനി വന്നു.. അതിനു ശേഷം ഇങ്ങനെ.... ഞങ്ങളുടെ നാട്ടില് നല്ല ആശുപത്രികളൊന്നുമില്ല .......

ആകെയുള്ളതു ഒരു സർക്കാർ ആശുപത്രിയാ... അവിടെ വല്ലപ്പോഴു മെത്തുന്ന ഡോക്ടർമാരും.... അന്നു രാത്രി ഞങ്ങൾ അവളെ അവിടെ കൊണ്ടു പോയി... എന്തൊക്കെയോ മരുന്നു തന്നു. ഞരമ്പിനുണ്ടായ തകരാറാണുപോലും. സ്കൂളിൽ വച്ചുള്ള വീഴ്ചയാകാം കാരണമെന്നും അതിനിനി ചികിത്സയി ല്ലായെന്നും അദ്ദേഹം പറഞ്ഞു. പിന്നെ പിന്നെ അവൾ വളർന്നുവരുന്തോറും ഞങ്ങൾക്കു അവളൊരു ഭാരമായി മാറി. കൂടാതെ രണ്ടാമത്തെ കുഞ്ഞിന്റെ ജനനവും... ഞങ്ങൾ അവളെ അടുത്തുള്ള സ്പെഷ്യൽ സ്കൂളിലാക്കി. ഓരോ ദിവസവും വൈകുന്നേരം വിളിക്കാൻ ചെല്ലുമ്പോൾ ടീച്ചർ പറയും .... "മെർലിനെക്കൊണ്ട് ഞങ്ങൾക്ക് യാതൊരു ശല്യോമില്ല. കുറച്ചു പേപ്പർ കൈയ്യിൽ കൊടുത്താൽ മതി. അവളതിനെ പിച്ചിച്ചീന്തി കളിച്ചോണ്ടിരുന്നോളും..." അവരുടെ ആശ്വാസം എനിക്ക് ആധിയായി മാറി..... ഒരു പിതാവിന്റെ ആകുലത അവർ മനസ്സിലാക്കിയല്ല എന്നു തോന്നുന്നു... എന്തെങ്കിലും അവൾ പഠിച്ചു വളർന്നെങ്കിൽ....

അങ്ങനെ ഞാനവളെ നാട്ടിലെ തന്നെ മറ്റൊരു സ്കൂളിലാക്കി. അവിടെ കഷ്ടിച്ച് ഒരാഴ്ച.. ഒരു ദിവസം പതിവുപോലെ വൈകുന്നേരം ഞാനവളെ വിളിക്കാൻ പോയി. **ക്ലാസ്സ് ടീച്ചർ എന്നോടു ഹെഡ്മാസ്റ്ററെ ഒന്നു കണ്ടിട്ടുപോകാൻ പറഞ്ഞു. ഞാൻ അദ്ദേഹത്തെകണ്ടു... അദ്ദേഹം എന്നോടു പറഞ്ഞു... നാളെ മുതൽ മെർലിനെ സ്കൂളിൽ വിടണ്ടാ...** അവളിന്നലെ ഇവിടത്തെ ഒരു കൊച്ചുകുട്ടിയെ കെട്ടിപ്പിടിച്ചുമ്മ വച്ചു... ആ കുഞ്ഞ് വേദനിച്ചു കരഞ്ഞു. പഞ്ചായത്ത് പ്രസിഡന്റിന്റെ മോളാ... അദ്ദേഹം കുഞ്ഞിന്റെ റ്റി.സി. ചോദിച്ചിരിക്കുകയാ...

**To know love, open your heart to Jesus*
*To show love, open your heart to others*

ഇങ്ങനെ പോയാൽ ഇവിടെ നിന്നും പലരും റ്റി.സി. വാങ്ങിപ്പോകുമെന്നാ അദ്ധ്യാപകരും പറയുന്നത്..... കുട്ടിയെ ഇനി വീട്ടിൽ നോക്കുന്നതാ നല്ലത്...

പിറന്നു വീണ കുഞ്ഞിനെ നേഴ്സിന്റെ കൈയ്യിൽ നിന്നും ഏറ്റുവാങ്ങുമ്പോൾ എന്റെ മനസ്സിൽ ഒരുപാടു സ്വപ്ന ങ്ങളുണ്ടായിരുന്നു.... ദൈവം ഇങ്ങനെ പരീക്ഷിക്കുന്നതെന്തിനാണെന്നു പല തവണ ഞാൻ ചിന്തിച്ചുപോയിട്ടുണ്ട്.

അങ്ങനെ മെർലിൻ എല്ലാവർക്കും ഭാരമായി തുടങ്ങിയപ്പോഴാണ് വിദഗ്ധ ചികിത്സയ്ക്കു ശ്രമിച്ചാലെന്താ എന്ന ചിന്ത എനിക്കുണ്ടായത്. **വിദ്യാഭ്യാസ മില്ലാത്ത എന്റെ ബന്ധുക്കൾ പലരും എന്നോടു പറഞ്ഞു... ഷാജീ, നീ അവളെ ഏങ്ങും കൊണ്ടുപോകേണ്ടാ... കൊണ്ടു പോയിട്ടു എന്തെടുക്കാനാ... അതിന്റെ വിധിയെന്നോർത്താൽ മതി. ആ രാത്രി എനിക്കു തീരെ ഉറക്കം വന്നില്ല... വളർന്നുകൊണ്ടിരിക്കുന്ന പെൺകുട്ടി...** അവളെ ഏത്ര നാളിങ്ങനെ?... അവൾക്കും വേണ്ടേ ഒരു ജീവിതം... അങ്ങനെയാണ് കഷ്ടപ്പെട്ടാണേലും ഞാൻ തിരുവന ന്തപുരത്തേയ്ക്ക് ചികിത്സയ്ക്കു തിരിച്ചത്.

ഇപ്പോൾ അവൾ കുറെ വായിക്കും... ഓർമ്മശക്തിയുണ്ട്... നല്ലൊരു ഡോക്ടർ... അവരുടെ പ്രതീക്ഷ തരുന്ന ആശ്വാസവാക്കുകൾ.. എനിക്കു വിശ്വാസം ഉണ്ട്... ഈശ്വരൻ എന്റെ മോളെ കൈവിടില്ല.... പലപ്പോഴും ചിന്തിച്ചു പോകാറുണ്ട്.... അവൾക്കിവിടെ കിട്ടുന്ന ചികിത്സ നാട്ടിൽ കിട്ടിയിരുന്നെങ്കിലെന്ന്.... നല്ലൊരു ആശുപത്രി..... നല്ല നല്ല ഡോക്ടർമാരുടെ സേവനം അതു ഞങ്ങൾക്കും അവകാശപ്പെട്ടതല്ലേ... ങാ. അന്താരാഷ്ട്ര വിമാനത്താവളവും ഹാർബറുമൊക്കെയല്ലേ പേരെടുക്കാൻ പറ്റിയ വകുപ്പുകൾ.... പാവങ്ങളുടെ വേദന ആരു കാണാൻ.... അയാളുടെ മുഖത്തു വെറുപ്പിന്റെ നിഴൽ തെളിഞ്ഞു. **പട്ടണത്തിൽ എല്ലാ സുഖങ്ങളിലും കഴിയുന്ന ഞങ്ങൾക്ക് ആ പിതാവിന്റെ വേദന നന്നായി മനസ്സിലാക്കാൻ കഴിയുന്നുണ്ടെങ്കിലും നിസ്സഹായ തയോടെ ആ പിതാവിനെ ഒന്നു നോക്കാൻ മാത്രമേ കഴിഞ്ഞുള്ളൂ.**

ചേച്ചീ.. ചേച്ചീ.... മിഠായി തീർന്നു ചേച്ചീ...

അമ്മച്ചീ ഈ ഷാജിയോടു പറ മെർലി നു മിഠായി വാങ്ങിത്തരാൻ.... അവളുടെ ശബ്ദം ഒച്ചത്തിലായിത്തുടങ്ങിയപ്പോൾ ആ പിതാവ് വീണ്ടും മകളുടെ വിരലിൽ ബലമായി അമർത്തി... അയ്യോ ചേച്ചീ.. ഈ ഷാജി മെർലിനെ ഞെക്കുകയാണ്... ചേച്ചി പറ, മെർലിനെ ഞെക്കല്ലേയെന്ന്. മെർലിന്റെ കൈയ്യിന്നു ചോര വരും... അമ്മച്ചീ, ഈ ഷാജിയോടു പറ. മകളുടെ സംസാരം അസഹ്യമായി തുടങ്ങുമ്പോൾ വിരലിൽ നുള്ളി വേദനിപ്പിച്ചു സംസാരം നിർത്താൻ ശ്രമിക്കുന്ന പിതാവിനെ കുറ്റ പ്പെടുത്താനോ, ഉപദേശിക്കാനോ കഴിയു ന്നതിനു മുമ്പ് അവർക്കു പോകേണ്ട ബസ്സ് വന്നെത്തി. അച്ഛൻ മകളെ ഒരു കൈകൊണ്ടു ചുറ്റിപിടിച്ചെഴുന്നേൽപ്പിച്ചു. മറു കൈയ്യിൽ വലിയ ബാഗുമായി ബസ്സി നരികിലേക്ക് നീങ്ങി. ചേച്ചീ.... ചേച്ചീ..., അമ്മച്ചീ... മെർലിൻ പോകുവാ.. ഈ ഷാജിയോടു പറ മെർലിനെ ഞെക്ക ല്ലേന്ന്.... ഈ ഷാജി ദുഷ്ടനാ.....

***ബസ്സ് നീങ്ങിക്കൊണ്ടിരുന്നപ്പോഴും ആ സുന്ദരിക്കുട്ടി അതാവർത്തിച്ചുകൊണ്ടിരു ന്നു. ഈ ഷാജി ദുഷ്ടനാ... ഈ കുട്ടിയുടെ പിതാവോ മന്ത്രിച്ചു... ഞാനോ ദൈവത്തേ വിളിച്ചപേക്ഷിക്കും; ദൈവം എന്റെ പ്രാർത്ഥന കേൾക്കും (സങ്കീ. 55:16)***

**Our greatest hope here below is to get help from God above*

# ക്രിസ്തു സഭയുടെ
# കൂട്ടുത്തരവാദിത്തം

**ആദിമ സഭയിൽ** ക്രിസ്തുവിൽ വിശ്വസിച്ചവർ ഏക ഹൃദയവും ഏകമനസ്സുമുള്ളവരായി സുവിശേഷകന്മാരായി പ്രവർത്തിച്ചിരുന്നു. ഇന്നും ഭാരതത്തിന്റെ വടക്കൻ സംസ്ഥാനങ്ങളിൽ ചില സ്ഥലങ്ങളിൽ ക്രിസ്തുവിനെ വിശ്വസിച്ചു നന്മ അനുഭവിച്ചവർ തങ്ങളുമായി ബന്ധപ്പെടുന്ന ഏവരോടും സുവിശേഷം അറിയിക്കാൻ ബദ്ധപ്പെടുന്നതു നിമിത്തം കൂട്ടം കൂട്ടമായി ജനം ദൈവഭാഗത്തു വന്നുകൊണ്ടിരിക്കുന്നു. തിരുവചനത്തിൽ ഒരിടത്തും അയ്മേനി (സാധാരണ ജനം) എന്ന പദമില്ല. സഭാവിഭാഗവ്യത്യാസമില്ലാതെ സഭയ്ക്ക് നേതൃത്വം കൊടുക്കുന്ന എല്ലാ ശുശ്രൂഷകന്മാർക്കും തങ്ങളുടെ ഒറ്റയാൾ പ്രകടനം ഉപേക്ഷിച്ചു വിശ്വാസികളെ ഒന്നിച്ചു കർത്താവിന്റെ ശിഷ്യന്മാരാക്കി കർത്തൃശുശ്രൂഷയിലേക്കു കൊണ്ടുവരേണ്ട ചുമതലയുണ്ട്. പക്ഷേ, തിരുവചനപ്രകാരം ജീവിച്ചു ശുശ്രൂഷക്കു നേതൃത്വം കൊടുക്കുന്നവർക്കേ ഇത് കഴിയുകയുള്ളൂ.

**അതുപോലെ തന്നെ സാധാരണ ജനം ശുശ്രൂഷകന്മാരോടു ചേർന്നു നിന്നു ഏക ഹൃദയവും ഏക മനസ്സുമുള്ളവരായി ശുശ്രൂഷിക്കേണ്ടതാണ്.** മൊറേവ്യൻ, വെസ്ലീയൻ സഭകളിലെ സാധാരണ ജനം ശുശ്രൂഷക്കു നേതൃത്വം കൊടുക്കുന്നവരോടൊപ്പം ശുശ്രൂഷ ചെയ്തപ്പോൾ സഭകളിൽ വലിയ ഉണർവ്വുണ്ടായതായി ചരിത്രം സാക്ഷിക്കുന്നു.

**യേശു** തന്റെ ശിഷ്യന്മാരോടുള്ള അന്ത്യവിടവാങ്ങൽ സന്ദേശത്തിൽ ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ (പരിശുദ്ധാത്മാവു) നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയക്കുറിച്ചും ലോകത്തിനു ബോധം വരുത്തും (യോഹ. 16:7,8) എന്നു പറഞ്ഞു. അന്ത്യകാലത്തു ദുർഘട സമയം വരും..... **ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും (2 തിമൊ. 3:1-5) എന്നു അപ്പൊസ്തലൻ പറഞ്ഞ ശേഷം അങ്ങനെയുള്ളവരെ വിട്ടൊഴിയുവാൻ ആഹ്വാനം ചെയ്യുന്നു.** പക്ഷെ, ഇപ്രകാരമുള്ളവരെ പുകഴ്ത്തുന്നവർ സഭയ്ക്കുള്ളിലുമുണ്ട്. വിശ്വാസികളെയല്ല വിശുദ്ധന്മാരായ വിശ്വാസികളെ ചേർക്കാനാണ് കർത്താവ് വീണ്ടും വരുന്നത്. അതിനാൽ നാം ഭയഭക്തിയുമുള്ളവരായിരിക്കണമെന്ന് പത്രൊസ് അപ്പോസ്തലൻ ആഹ്വാനം ചെയ്യുന്നു.(2 പത്രൊ. 3:9-12)

**ന്യായവിധി** ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലോ അതു നമ്മിൽ തുടങ്ങിയാൽ ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്താകും? നീതിമാൻ പ്രയാസേന രക്ഷ പ്രാപിക്കുന്നുവെങ്കിൽ അഭക്തന്റെയും പാപിയുടെയും ഗതി എന്താകും? എന്നു പത്രൊസ് തന്റെ ഒന്നാം ലേഖനത്തിൽ ലൗകീക സുഖഭോഗങ്ങളിൽ ആണ്ടുകിടക്കുന്ന വിശ്വാസികളോടു ചോദിക്കുന്നു.(4:17,18). ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല. വിശ്വസിക്കാത്തവനോ ദൈവത്തിന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു. (യോഹ. 3:17:18) എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിന്നു പിതാവു ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു. (യോഹ. 5:22). കൊർന്നല്യൊസ് എന്ന റോമൻ ശതാധിപന്റെ ഭവനത്തിൽ സുവിശേഷം നൽകു

വാൻ നിയോഗിക്കപ്പെട്ട പത്രൊസ് തന്റെ പ്രഭാഷണത്തിൽ ജീവികൾക്കും മരിച്ചവർക്കും ന്യായാധിപതിയായി ദൈവത്താൽ നിയോഗിക്കപ്പെട്ടവൻ അവൻ (ക്രിസ്തു) തന്നേ എന്നു ജനത്തോടു പ്രസംഗിച്ചു സാക്ഷീകരിപ്പാൻ അവൻ (ക്രിസ്തു) ഞങ്ങളോടു കല്പിച്ചു. (അ.പ്ര. 10:42) എന്നു പ്രസ്താവിച്ചു. യേശുക്രിസ്തു ന്യായാധിപതിയായി ജീവനുള്ളവരെയും മരിച്ചവരേയും ഒരുപോലെ ന്യായം വിധിക്കുന്നവനായി വീണ്ടും വരും എന്നു ശക്തമായി പ്രസംഗിക്കാനുള്ള ദൈവകല്പനയുള്ളപ്പോൾ ഈ നാളുകളിൽ ന്യായവിധിയുടെ സന്ദേശം പ്രസംഗിച്ചു കേൾക്കാറില്ല.

**ദൈവം** സ്നേഹമാണ്. അവൻ ആരേയും നരകത്തിൽ തള്ളുന്നവനല്ല എന്നു ചിന്തിക്കുന്നവരുണ്ട്. ദൈവം സ്നേഹമാണെന്നു നാം അറിഞ്ഞതു ദൈവവചനത്തിൽ കൂടെയാണ്. എന്നാൽ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണെന്നും വചനം പറയുന്നു. സ്വർഗ്ഗവും നരകവുമുണ്ടെന്നും തിരുവചനം നമ്മെ പഠിപ്പിക്കുന്നു. പുതിയ നിയമത്തിൽ നരകത്തെക്കുറിച്ചു 162 വാക്യങ്ങൾ ഉള്ളതിൽ 70 വാക്യങ്ങൾ യേശു പറഞ്ഞതാണ്. നരകം പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയതാണ് (മത്താ. 25:41) പ്രകാശത്തിനുവേണ്ടി കത്തിക്കുന്ന മെഴുകുതിരിയിൽ ഈയൽ വീണു നശിക്കുന്നതു പോലെ പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യനരകാഗ്നിയിൽ മനുഷ്യൻ ചെന്നു വീഴുകയാണ്. **യേശുക്രിസ്തുവിൽ കൂടെ ഒരുക്കിയിരിക്കുന്ന നിത്യരക്ഷയെ അവഗണിച്ചു നരകാഗ്നിയിലേക്കു ഒഴുകിപോകുന്നവരെ രക്ഷിക്കാൻ ആർക്കും കഴികയില്ല.**

മനസ്സോടെയല്ലല്ലോ അവൻ മനുഷ്യപുത്രന്മാരെ ദുഃഖിപ്പിച്ചു വ്യസനിപ്പിക്കുന്നതു എന്നു വിലാ. 3:33-ൽ പറയുന്നു. എന്നാണേ, ദുഷ്ടന്റെ മരണത്തിൽ അല്ല, ദുഷ്ടൻ തന്റെ വഴിവിട്ട് തിരിഞ്ഞു ജീവിക്കുന്നതിലത്രേ എനിക്കു ഇഷ്ടമുള്ളതെന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്; നിങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിവിൻ; യിസ്രായേൽ ഗൃഹമേ നിങ്ങൾ എന്തിനു മരിക്കുന്നുവെന്നു പ്രവാചകനിലൂടെ ചോദിക്കുകയാണ് (യെഹെ 33:11) ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു എന്നു എബ്രാ. 9:27 പറയുന്നു. ന്യായം വിധിക്കുവാൻ ഒരു സിംഹാസനവും ഒരുക്കിയിട്ടുണ്ട്. (സങ്കീ. 9:4). യേശുക്രിസ്തു മുഖാന്തരം ന്യായം വിധിപ്പാൻ ഒരു ദിവസവും നിശ്ചയിച്ചിട്ടുണ്ട്. (അപ്ര. 17:31). അന്നാളിൽ ഓരോരുത്തരും കേട്ട സുവിശേഷത്തിൻ പ്രകാരം മനുഷ്യരുടെ ഏല്ലാ രഹസ്യങ്ങളെയും ന്യായം വിധിക്കുമെന്നതും നിശ്ചയമാണ് (റോമ. 2: 16) മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിന്റെ മുമ്പിൽ നിൽക്കുമ്പോൾ പുസ്തകങ്ങൾ തുറക്കുമെന്നും പുസ്തകങ്ങളായ ന്യായപ്രമാണവും ജീവന്റെ പുസ്തകത്തിലും എഴുതിയിരിക്കുന്നതിൻ പ്രകാരമുള്ള ന്യായവിധി ഉണ്ടാകുമെന്നും ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപൊയ്കയിൽ തള്ളിയിടുമെന്നും തിരുവചനം സാക്ഷിക്കുന്നു (വെളി. 20:11-15).

ഭയങ്കരമേ ഭയങ്കരമേ, ന്യായവിധി ദിവസമതിൽ
ഭയത്തോടെയെല്ലാ മനുജരും വന്നേശുമഹാരാജൻ മുമ്പിൽ
കരുണയുടെ സമയമെല്ലാം പാഴാക്കിച്ചെലവഴിച്ചേ
മനുജരെല്ലാം ദൈവമുമ്പിൽ ശിക്ഷയേല്പാൻ പോകുന്നിതാ
(ആശ്വാസ ഗീതങ്ങൾ)

---

## പരീക്ഷ കൗൺസലിംഗ്

സണ്ടേസ്കൂളിന്റെ നേതൃത്വത്തിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി പരീക്ഷ കൗൺസലിംഗ് ക്ലാസ് ഫെബ്രുവരി 12-ാം തീയതി ക്രമീകരിച്ചു. പെരിങ്ങമ്മല സഭാംഗമായ ശ്രീ. റെജു ജെസ്റ്റിൻ നേതൃത്വം നൽകിയ പരിപാടിയിൽ നമ്മുടെ സഭയിലെ 250ൽ അധികം വിദ്യാർത്ഥികൾ പങ്കെടുത്തു.

# HOLY SPIRIT - THE COMFORTER

**- Dr. Florence Isaac**

The Holy Spirit is the glorious third person of the Trinity. The Godhead, Father, Son and the Holy Spirit is triune, each member of which has a particular function and work. **The Holy Spirit is the third person of the Trinity at work on earth.** Everything that God does in Heaven and Earth is by the Holy Spirit. In the beginning of creation the Holy Spirit moved upon the face of the waters (Genesis 1:2). The Holy Spirit is a most holy Person, God on earth actively indwelling.

The Holy Spirit is the wonderful counsellor, the Helper the one sent by the Father and the Son to be with the people of God, when JESUS ascended to heaven. Jesus said: “The Father will give you another Comforter to be with you for ever”. John 14:16

